കമ്മീഷൻ മുഖാന്തരം സ്ഥിരനിയമനം നടത്തുന്നതുവരെയുള്ള താൽക്കാലിക സംവിധാനമാണ് ഈ നിയമനം എന്നതുകൊണ്ടും സർവ്വകലാശാല ഓർഡിനൻസിന് വിരുദ്ധമായി നിയമനം നടത്തിയതായി കരുതുന്നില്ല. സ്ഥിര നിയമനം നടക്കുന്ന മുറയ്ക്ക് താൽക്കാലിക നിയമനം അവസാനിപ്പിക്കുന്നതാണ്.

മാവേലിക്കര രാജാ രവിവർമ്മ കോളേജ്

180(1165) ശ്രീ എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ രാജാ രവിവർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പമ്പ ഇറിഗേഷൻ പദ്ധതിയുടെ സ്ഥലം അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത സ്ഥലം കൈമാറിക്കിട്ടുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത സ്ഥലം കൈമാറിക്കിട്ടുന്നതിനായി റവന്യൂ വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചി സർവ്വകലാശാലയിലെ ബഡ്ജറ്റ് സ്റ്റഡി സെന്റർ

181(1166) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സർവ്വകലാശാലയിൽ ബഡ്ജറ്റ് സ്റ്റഡി സെന്റർ പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത സ്റ്റഡി സെന്റർ എന്നാണ് ആരംഭിച്ചതെന്നും ആരംഭിക്കാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ?

പ്രവർത്തിക്കുന്നുണ്ട്. 2013 ഫെബ്രുവരി 17-ന് സെന്റർ ഫോർ ബഡ്ജറ്റ് സ്റ്റഡീസ്, കെ.എം.മാണി സെന്റർ ഫോർ സ്റ്റഡീസ് എന്ന പേരിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ആരംഭിച്ചു. ഇൻഡ്യയുടെ അന്നത്തെ ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി ഈ സെന്ററിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. സർവ്വകലാശാലയിലെ മുൻ റിസർച്ച് അസോസിയേറ്റും സെക്ഷൻ ഓഫീസറുമായ ഡോ. സാബു തോമസ് ഈ വിഷയത്തെക്കുറിച്ച് പഠിച്ച് സമർപ്പിച്ച റിപ്പോർട്ട് "A Critical Evaluation of State Budgets; Kerala (1957 to 2021)" അന്നത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് അയച്ചുകൊടുക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly